പതിമൂന്നാം കേരള നിയമസഭ

11-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6807 10.07.2014-ൽ മറുപടിയ്ക്ക്

# ഡെന്റൽ ഹൈജീനിസ്റ്റ് കോഴ്സുകൾ

| ചോദ്യം<br><br>ശ്രീ. പി ഉബൈദുള്ള | | ഉത്തരം<br><br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഡെന്റൽ ഹൈജീനിസ്റ്റുകളുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; | (എ) | ആരോഗ്യ വകുപ്പിലെ ഡെന്റൽ ഹൈജീനിസ്റ്റുകളുടെ ജോലി പരിഷ്കരിക്കുന്നതിന് വേണ്ടി തിരുവനന്തപുരത്തെ തൈക്കാട്ടുള്ള കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് ആന്റ് ഫാമിലി വെൽഫയർ പ്രിൻസിപ്പൾ ആയിരുന്ന ഡോ. വി മോഹനൻനായർ അധ്യക്ഷനായ കമ്മീഷനെ നിയമിച്ചിരുന്നു. ടി കമ്മീഷന്റെ റിപ്പോർട്ട്, ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശുപാർശകളോടെ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്. സർക്കാർ ജീവനക്കാരുടെ വേതന വ്യവസ്ഥകൾ (ഡെന്റൽ ഹൈജീനിസ്റ്റുമാരുടെ ഉൾപ്പെടെ) പരിഷ്കരിക്കുന്നതിന് സർക്കാർ ശമ്പള കമ്മീഷനെ നിയോഗിച്ചിട്ടുണ്ട്. |
| (ബി) | പുകയില, പാൻമസാല പോലുള്ള ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ബോധവൽക്കരണത്തിനായി ഡെന്റൽ ഹൈജീനിസ്റ്റുകളെ എല്ലാ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും ഓറൽ ഹെൽത്ത് കൗൺസിലർമാരായി നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | പുകയില, പാൻമസാല തുടങ്ങിയവയ്ക്ക് എതിരായ ബോധവത്ക്കരണം നിലവിൽ ആരോഗ്യ വകുപ്പിലെ ഫീൽഡ് വിഭാഗം ജീവനക്കാരും മറ്റും നൽകിവരുന്നുണ്ട്. |
| (സി) | സമഗ്ര ആരോഗ്യനയത്തിൽ ദന്താരോഗ്യവും ഉൾപ്പെടുത്തുന്നതിനും ആരോഗ്യ സർവ്വകലാശാലക്കു കീഴിൽ ഡെന്റൽ ഹൈജീൻ ബാച്ചിലർ കോഴ്സുകൾ ആരംഭിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ? | (സി) | സമഗ്ര ആരോഗ്യനയം രൂപരേഖ തയ്യാറാക്കുന്നതിന് ഡോ. ബാലരാമൻ നായർ അദ്ധ്യക്ഷനായി രൂപീകരിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുകയാണ്. |

സെക്ഷൻ ഓഫീസർ